കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഭേദഗതികൾ

*7 [250] *ശ്രീ. തോമസ് ചാഴികാടൻ:*

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഇപ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണോ;

(ഡി) ഇല്ലെങ്കിൽ പഞ്ചായത്തുകൾക്കുവേണ്ടി പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) ഉണ്ട്.

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചില അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപാകതകളുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഭൂമികുലുക്കത്തെ പ്രതിരോധിക്കുന്നതിനും, അംഗവൈകല്യം ബാധിച്ചവർക്ക് ചില സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, സൗരോർജ്ജം വിനിയോഗിക്കൽ, വിവര സാങ്കേതിക വിദ്യ എന്നീ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും ആയി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചില ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ കേരളത്തിലെ പല പഞ്ചായത്തുകളിലും ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്കായുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർത്തിയായി വരികയാണ്.

(ഡി) ഉണ്ട്. കേരളത്തിലെ പഞ്ചായത്തുകൾക്ക് പൊതുവായി ബാധകമാകുന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly